# മുല്ലപ്പെരിയാർ ഡാം

മുല്ലപ്പെരിയാർ ഡാമിന്റെ പ്രശ്നം കേരളത്തിന്റെ മാത്രമല്ല തമിഴ്നാട്ടിലെയും മാനുഷിക മൂല്യങ്ങൾക്ക് വിലകൽപ്പിക്കുന്ന ഓരോ ഭാരതീയന്റെയും മനുഷ്യരെ സ്നേഹിക്കുന്ന ലോകത്തിലെ ജനങ്ങളുടെ; മനസ്സിലെയും, ശരീരത്തിലെയും ഉയർന്ന പ്രഹരശേഷിയുള്ള ജല ബോംബ് കൂടിയാണിത്. ഡാമുകളിലെ മുത്തശ്ശിയെന്ന് ലോകം വിളിക്കുന്ന മുല്ലപെരിയാറിന്(117) വയസ്സ്. ഇത്രയും വയസ്സുള്ള ഒരു മുത്തശ്ശിയെ ഏത് ബ്യൂട്ടിപാർലറിൽ കൊണ്ടു പോയാലും നിങ്ങൾക്ക് എത്ര പ്രായം കുറക്കാൻ പറ്റും. പ്രായം കുറച്ചാലും എത്ര നാൾ: ആർക്കെങ്കിലും പ്രവചിക്കുവാൻ  സാധിക്കുമോ.



ഈ ലോകത്ത് മനുഷ്യനിർമ്മിതമായത് എത്ര നൂറ്റാണ്ടുകൾ നിലനിൽക്കും.ഭൗതികമായി ഏതൊരു വസ്തുവിനും സാധ്യമായ അതിന്റേതായ നിലനിൽപുണ്ട് അതിനപ്പുറത്തേക്ക് ഒരു വസ്തുവും അധികകാലം നിലനിൽക്കില്ല. വർഷങ്ങൾക്ക് ശേഷം അതിന് ബലക്ഷയം സംഭവിക്കുകയും തകർന്നടിയുകയും ചെയ്യും ഇതൊരു അന്ധവിശ്വാസമല്ല. നമുക്ക് ചുറ്റിലും നാം കാണുന്ന യാഥാർത്ഥ്യമുള്ള വസ്തുതയാണിത്. പുതിയതായി പണിയുന്ന ഒരു കോൺക്രീറ്റ് മന്ദിരത്തിന് ശരാശരി ആയുസ്സ് എഴുപത്തഞ്ച് കൊല്ലമാണ്, അത് സ്റ്റേഡിയങ്ങളായാലും  വീടുകളായാലും എന്തിന് മഹാപ്രതാപികളായ ചക്രവർത്തിമാർ പണിതീർത്ത കൊട്ടാരങ്ങൾ പോലും ഇന്ന് ജനങ്ങൾക്ക് ആവശ്യമായ മ്യൂസിയമാക്കി മാത്രം ചുരുക്കുന്നു. ഇതിൽ നിന്ന് എന്താണ്  മനസ്സിലാക്കേണ്ടത്, എന്തിനും, ഋതു ഭേദങ്ങൾ മാറുമ്പോഴും, കാലചക്രങ്ങൾ തിരിയുമ്പോഴും അതിന്റെ ഇടയിൽ അതിന്റേതായ ബലക്ഷയം കാണാം ഇത് കണ്ടില്ലെന്ന് നടിക്കുന്നത് മൗഢ്യമാണ്.

ലക്ഷകണക്കിന് ജനങ്ങൾ മരിച്ച് വീണിട്ട് അന്ത്യോപചാരം അർപ്പിക്കാനും റീത്തുകൾ വക്കാനും ആരും ക്യൂ നിൽക്കണമെന്നില്ല. വരും തലമുറയുടെ പാഠ്യവിഷയങ്ങളിലും, മാധ്യമങ്ങളുടെ ചൂടുള്ള ദുരന്തവാർത്തകളിലും ഒതുങ്ങാൻ വലിയ ഒരു ജനതക്ക് താൽപര്യമില്ല. ഏതെങ്കിലും രാഷ്ട്രീയ നേതാക്കൾക്ക് ചരിത്രം മാപ്പുകൊടുക്കില്ല എന്നും, ലോകാവസാനം വരെ ഒരു ജനത മറക്കില്ല എന്നും മുൻകൂട്ടി ആസൂത്രണം ചെയ്ത് തയ്യാറാക്കി വച്ച ഇത്തരം വാക്കുകൾ കൊണ്ട് ഇവിടെ മരിച്ച് വീഴുന്ന ജനതക്ക് എന്ത് പ്രയോജനം. കാലപഴക്കം മൂലം ആണവനിലയങ്ങളും, ഡാമുകളും, കെട്ടിടദുരന്തങ്ങളും, സ്റ്റേഡിയങ്ങളും

തുടങ്ങി എന്തെല്ലാം  സംഭവിച്ചിരിക്കുന്നു. ഇത് കഴിഞ്ഞിട്ട് വിലപിച്ചപ്പോൾ മരിച്ച് പോയ തല മുറക്ക് എന്ത് നേട്ടമുണ്ടായി. ആരായാലും ചിന്തിക്കണം. പേരെടുത്ത് പറയുന്നില്ല എങ്കിലും യൂറോപ്പിലെയും, ഏഷ്യയിലെയും, ആഫ്രിക്കയിലെയും, പ്രസിദ്ധരും, കുപ്രസിദ്ധരുമായ ഭര ണാധികാരികളുടെ പിടിവാശി മൂലം എത്രയോ ലക്ഷം ജനങ്ങൾ യുദ്ധത്തിലും, ദുരിതത്തിലും മരിച്ചിരിക്കുന്നു. അവർക്ക് ചരിത്രം മാപ്പ് കൊടുത്തില്ല ശരിതന്നെ പക്ഷേ അത് കൊണ്ട് മരിച്ച വർക്ക് എന്ത് പ്രയോജനം. ഈ രാജ്യത്തിലെ ജ്യുഡീഷ്യറിയും, നിയമനിർമ്മാണ          എന്ത് കൊണ്ട് ഇത് കണ്ടില്ലെന്ന് നടിക്കുന്നു. ഭരണാധികാരികൾക്ക് തട്ടി കളിക്കാനുള്ള ഒരു പന്തല്ല ഒരു രാഷ്ട്രത്തിലെ ജനങ്ങൾ. അവരുടെ ജീവനും, സ്വത്തിനും, സംരക്ഷണം നൽകേണ്ടബാ ധ്യത ഇവർക്കുണ്ട്.  ചില രാജ്യങ്ങളിലാണെങ്കിൽ എന്നേ ഇത് പൊളിച്ചുമാറ്റിയേനെ , നാട്ടുരാ ജ്യങ്ങൾ ലയിച്ച് ഭാരതമെന്ന ഒറ്റ സംസ്ക്കാരത്തിലും ഏകശക്തിയിലും വിശ്വസ്സിക്കുകയും ജീവിക്കുകയും ചെയ്യുന്ന ജനങ്ങളുടെ വികാരം മനസ്സിലാക്കാതെ; ഇന്നും പഴയ നാട്ടുരാജാ ക്കൻമാരുടെ സ്മൃതി മണ്ഡപത്തിൽ ചില ഭരണാധികാരികൾ ഭരിക്കുന്നത് ശരിയല്ല;ജന ങ്ങൾക്ക് നിയമനിർമ്മാണം നടത്തിതരേണ്ട അധികാരികൾ തന്നെ അതിൽ പരാജയപ്പെടു മ്പോൾ ജനങ്ങൾക്ക് ലഭിക്കുന്നത് അരാജകത്വമാണ്. ജനങ്ങൾക്ക് നന്മ ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ ഭരണാധികാരികളോട് പറയാനുള്ളത് ഏറ്റവും നല്ല മാർഗ്ഗം വഴിമാറി പ്പോകുക  എന്നുള്ളതാണ്.




ജനാധിപത്യ രാജ്യങ്ങളിലെ ജനങ്ങ ളെല്ലാം അർപ്പിക്കുന്നത് നിയമ നിർമാണ സഭകളിലാണ്. ഇത് മനു ഷ്യരുടെ പ്രശ്നമാണിത്, മനു ഷ്യർക്കു വേണ്ടിയാണ് നിയമം ഉണ്ടാ ക്കേണ്ടത്. സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ വേറെ കുറച്ച് ലോകസ ഭാസീറ്റെന്ന വെള്ളിക്കാശിന് വേണ്ടി ഏത് ഭരണാധികാരികളായാലും ഒരു ജനതയെ ഒറ്റികൊടുക്കാൻ തയ്യാറാ കരുത്. അധികാരത്തിന്റെ അപ്പക്കഷ ണങ്ങൾക്കു വേണ്ടിയാണിത് ചെയ്യുന്ന തെങ്കിൽ കൂടുതൽ ഇതിനെക്കുറിച്ച് പറയുന്നില്ല. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായി അധ:പതിച്ച ഒരു സമൂഹത്തിന്റെ അല്ലെങ്കിൽ ഒരു ജനതയുടെ അവസാന ജീവൻ കൂടി എടു ത്താലെ ചിലയിടങ്ങളിലെ ദന്ത ഗോപുരത്തിലിരിക്കുന്ന ഭരണകർത്താക്കളുടെ ആഗ്രഹം സഫ ലമാകു എങ്കിൽ അത് വളരെ വിദൂരമായ നടക്കാത്ത ഒരു സ്വപ്നമാണെന്നേ പറയാനൊക്കൂ.

കാരണം ഞങ്ങൾ ഭാരതീയരാണ് വെറും ഭാരതീയരല്ല മഹാഭാരതീയരാണ്. ഏത് സാഹചര്യ ങ്ങളും ഞങ്ങൾക്കിണങ്ങും. യുദ്ധങ്ങളിലും, പകർച്ചവ്യാധികളിലും, കലാപങ്ങളിലും ഇന്ത്യ ക്കാരൻ തങ്ങളുടെ കഴിവ് തെളിയിച്ചവരാണ്. പെട്ടെന്ന് ഞങ്ങളുടെ ദേശീയത ഉണരുകയും അത് ഓരോ ഇന്ത്യക്കാരന്റെയും സിരകളിൽ പടർന്ന് പിടിക്കുന്ന പ്രതിഭാസം കൂടിയാണ്. ഞങ്ങൾക്ക് മറാത്തക്കാനെന്നോ, ഗുജറാത്തിയെന്നോ, കാശ്മീരിയെന്നോ, ബംഗാളിയെന്നോ, ആസാമിയെന്നോ തെലുങ്കനെന്നോ, കന്നഡക്കാരനെന്നോ, തമിഴനെന്നോ, മലയാളിയെന്നോ ഇല്ല കാരണം ഞങ്ങൾ ഒന്നാണ്, ഞങ്ങളെ ഭിന്നിപ്പിക്കാൻ നോക്കുന്നവർ ആരായാലും അവർ അധികാരത്തിൽ ഇരുന്നിട്ടില്ല. ഇവിടെ മരിച്ച് വീഴുന്നത് മനുഷ്യരാണ്. ഇതിലെ കാര്യങ്ങൾ ഗൗരവപൂർവ്വം ചിന്തിക്കണം എന്നിട്ട് നിങ്ങളുടെ നിയന്ത്രണത്തിലാണെന്ന് പറയുന്ന ജന തയെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കികൊടുക്കണം. ഇവിടെ ആരും ജയിക്കുന്നില്ല തോൽക്കു ന്നില്ല ആരുടേയും അധികാര കസേരകൾ സ്ഥാപിക്കാനോ ഇളക്കി പ്രതിഷ്ഠിക്കാനോ അല്ല ഇത് പറയുന്നത്.




തനിക്ക് ചുറ്റിലുമുള്ള സ്തുതിപാഠകരിൽ നിന്ന് മാറി നിന്നുകൊണ്ട് ഏകാന്തമായി ചിന്തിക്കൂ. അപ്പോൾ നിങ്ങൾക്കു തോന്നും എന്താണ് ശരി എന്താണ് തെറ്റ് എന്ന് . നിങ്ങൾ ഒരു ഈശ്വരവിശ്വാസ്സിയാണ് എങ്കിൽ നിങ്ങളുടെ ഈശ്വരനോട് ചോദിക്കുക, മനുഷ്യകുലം കൂട്ടത്തോടെ ചത്തൊടുങ്ങുന്നത് ലോകത്തിന് നന്മ യാണോ വരുത്തിയിട്ടുള്ളത്. നിങ്ങൾ ഒരു നിരീശ്വര വാദിയാണെങ്കിൽ ഇതേ ചോദ്യം നിങ്ങളോടുതന്നെ ആവർത്തിച്ചു ചോദിക്കുക ഞാൻ ചെയ്യുന്നത് ശരി യാണോ?

രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ നടക്കുമ്പോൾ മഹാത്മാഗാന്ധി എന്താണ് പറഞ്ഞത് ; അതിർത്തിയിൽ നിന്ന് പട്ടാളക്കാർ ആക്രമിക്കുമ്പോൾ അതിർത്തികളിൽ നിങ്ങളുടെ കുഞ്ഞു ങ്ങളെയും, സ്ത്രീകളെയും അണിനിരത്തുക അപ്പോൾ ആക്രമിക്കാൻ ഉപയോഗിക്കുന്ന ആയു ധത്തിനും മനസ്സുണ്ടെന്നും, പിന്നെ ആയുധം ചലിക്കാതാകുമെന്നും പറഞ്ഞ് ഞങ്ങളെ പഠി പ്പിച്ച് ഞങ്ങളുടെ രാഷ്ട്രപിതാവിന്റെ വാക്കുകളെങ്കിലും നിങ്ങൾക്ക് മുഖവില കൊടുത്തുക്കൂ ടെ. ഇവിടെ ഇത്തരത്തിലുള്ള യുദ്ധങ്ങല്ല എങ്കിലും ഇതിന് സമാനമായ പലതുമാണ് , ഈ സംസ്ഥാനങ്ങളിലെയും ജനങ്ങളിലും അവരുടെ മനസ്സിലും നടക്കുന്നത്. ഇതൊരു യുദ്ധമല്ല മറിച്ച് വരാനിരിക്കുന്ന അനിവാര്യമായ ഒരു ദുരന്തമാണ്. അതൊഴിവാക്കുക എന്നുള്ളതാണ് ഏതൊരു നീതിപീഠവും, ഭരണാധികാരികളും ജനങ്ങൾക്ക് ചെയ്തുതരാവുന്ന ഏറ്റവും നല്ല നന്മ.

നിർത്തട്ടെ

ഏവരെയും ഈശ്വരൻ അനുഗ്രഹിക്കട്ടെ